ഒരാശുപത്രിയിലും ഗസറ്റഡ് സ്റ്റേറ്റർ സൂപ്രണ്ടിന്റെ തസ്തിക ഇപ്പോൾ നിലവിലില്ല. നിലവിലുള്ള നോൺ ഗസറ്റഡ് തസ്തികകളിൽ രണ്ടെണ്ണം ഒഴിഞ്ഞു കിടപ്പുണ്ട്.

(ബി) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിലും കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലും ആണ് ഈ രണ്ടു തസ്തികകളും ഒഴിഞ്ഞു കിടക്കുന്നത്.

(സി) ഒഴിവുള്ള തസ്തികകളും പ്രമോഷൻ മുഖാന്തിരം നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

നാളികേര കൃഷിക്കാരുടെ പ്രശ്നങ്ങൾ

24. [29] **ശ്രീ. എ. കെ. പത്മനാഭൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ നാളികേര കൃഷിക്കാരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻവേണ്ടി 1985 ഡിസംബർ 10-ാം തീയതി ദൽഹിയിൽവച്ച് ഒരു കോൺഫറൻസ് നടന്നിരുന്നുവോ ;

(ബി) ഉണ്ടെങ്കിൽ ആരാണ് കോൺഫറൻസ് വിളിച്ചുകൂട്ടിയത് ;

(സി) കോൺഫറൻസിൽ പങ്കെടുക്കുവാൻ ആരെയെല്ലാമാണ് ക്ഷണിച്ചത് ;

(ഡി) കേരള ഗവൺമെന്റിനെ പ്രതിനിധീകരിച്ച് ആരാണ് കോൺഫറൻസിൽ പങ്കെടുത്തത് ;

(ഇ) കോൺഫറൻസിലെടുത്ത തീരുമാനങ്ങൾ എന്തെല്ലാമാണ് ?

ഉത്തരം

(എ) നടന്നിരുന്നു.

(ബി) കേന്ദ്ര സർക്കാരാണ് വിളിച്ചുകൂട്ടിയത്.

(സി) കേന്ദ്ര സർക്കാർ ആരെയൊക്കെ ക്ഷണിച്ചിരുന്നുവെന്ന് സംസ്ഥാന സർക്കാരിന് അറിവില്ല.

(ഡി) കാർഷികോൽപ്പാദന കമ്മീഷണർ.

(ഇ) കോൺഫറൻസിന്റെ മിനിറ്റ്സ് ഇതേവരെ കിട്ടിയിട്ടില്ല.

കേരള ഫാർമസി കൗൺസിൽ

25. [30] **ശ്രീ. കെ. പി. രാമൻ :** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കാലാവധി കഴിഞ്ഞ കേരള ഫാർമസി കൗൺസിൽ പിരിച്ചുവിട്ട് തെരഞ്ഞെടുപ്പ് നടത്താതിരിക്കുന്നത് എന്തുകൊണ്ട് ?

ഉത്തരം

ഒരു കേസ് സംബന്ധമായി ഫാർമസി കൗൺസിലിന്റെ ക്യാഷ് ബുക്കുകളും മധുര സെഷൻസ് കോടതിയിലായിരുന്നു. അതിനാൽ തക്ക സമയത്ത് ഇലക്ട്രൽ റോൾ തയ്യാറാക്കാൻ കഴിയാത്തതുകാരണം കൗൺസിൽ പിരിച്ചുവിടാൻ കഴിഞ്ഞില്ല. ഇവ തിരിച്ചുകിട്ടിയിട്ടുണ്ട്. അതനുസരിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ഇലക്ട്രൽ റോൾ തയ്യാറാക്കി തെരഞ്ഞെടുപ്പ് കഴിയുന്നതുംവേഗം നടത്താൻ നടപടികൾ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

ഫാർമസിസ്റ്റുകൾ

26 [31] ശ്രീ. കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ആരോഗ്യ വകുപ്പിലെ പല വിഭാഗത്തിലുള്ള ജീവനക്കാരുടെയും സ്റ്റാഫ് പാറ്റേൺ പരിഷ്ക്കരിച്ചിട്ടും ഫാർമസിസ്റ്റുകളുടെ കാര്യത്തിൽ പരിഷ്ക്കരണമുണ്ടാകാതിരിക്കുന്നതിന്റെ കാരണം എന്താണ് ?

ഉത്തരം

1961-ലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് 75 കിടക്കകൾവരെ ഒരു ഫാർമസിസ്റ്റും അതിനുമുകളിലുള്ള ഓരോ 75 കിടക്കകൾക്കും ഒരു ഫാർമസിസ്റ്റുവീതവും 300 ഒ.പി.യ്ക്കു മുകളിലുള്ള ഓരോ 200 ഒ. പി.യ്ക്കും ഓരോ ഫാർമസിസ്റ്റും അനുവദിച്ചിട്ടുണ്ട്. 1961-നു ശേഷം നെഴ്സുമാരുടേതൊഴിച്ച് മറ്റുജീവനക്കാരുടെ സ്റ്റാഫ് പാറ്റേണിൽ മാറ്റമൊന്നും വരുത്തിയിട്ടില്ല.

ഉള്ളിയേരി പ്രൈമറി ഹെൽത്ത് സെന്റർ

27 [32] ശ്രീ. എ.സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽപ്പെട്ട ഉള്ളിയേരി പ്രൈമറി ഹെൽത്ത് സെന്റർ സ്ഥിതിചെയ്യുന്ന കെട്ടിടം തീരെ അപര്യാപ്തമാണെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 10 കിടക്കകളുള്ള ഒരു വാർഡ് പണിയുന്നതിന് ആശുപത്രി വികസന കമ്മിറ്റിയ്ക്ക് അനുവാദം നൽകിയിട്ടുണ്ട്. ആശുപത്രി കമ്മിറ്റി വാർഡിന്റെ പണി ഇതുവരെ പൂർത്തിയാക്കിയിട്ടില്ല. പ്രസ്തുത വാർഡിന്റെ പണി പൂർത്തിയാകുന്നതോടുകൂടി ഇന്നത്തെ അപര്യാപ്തത മാറുന്നതാണ്.

സംസ്ഥാനത്തെ ആശുപത്രികൾ

28 [33] ശ്രീ. കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിൽ മെഡിക്കൽ കോളേജ് ആശുപത്രികൾ ഉൾപ്പെടെ 200 കിടക്കകളിൽ കൂടുതലുള്ള എത്ര ആശുപത്രികൾ ഉണ്ട് ?

ഉത്തരം

LIBRARY ARCHIVES Kerala Legislative Assembly